"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്-ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഐ.എ 4340/2022 (ഒ.പി(എം.വി) 1424/2019) നമ്പർ വ്യവഹാരത്തിന്റെ വിധി തുകയുടെ 20% തുക കെട്ടിവയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3852/2026/ധന** **തീയതി,തിരുവനന്തപുരം, 20/04/2026**

പരാമർശം :-

1. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി(എം.വി) 1424/2019 നമ്പർ വ്യവഹാരത്തിന്മേലുള്ള 12.10.2022 ലെ വിധി.
2. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഐ.എ 4340/2022 (ഒ.പി(എം.വി) 1424/2019) നമ്പർ വ്യവഹാരത്തിന്മേലുള്ള 21.02.2025 ലെ വിധി.
3. ബഹു. മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഇ.പി നമ്പർ 59/2025 (ഒ.പി(എം.വി) 1424/2019) നമ്പർ വ്യവഹാരത്തിന്റെ നോട്ടീസ്, പെറ്റിഷൻ.
4. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 13.04.2026 തീയതിയിലെ കെ.എസ്.ഐ.ഡി/സ്യൂട്ട്/എസ്4/1424/2019 നമ്പർ കത്ത് .

**ഉത്തരവ്**

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-AX-9327 എന്ന നമ്പരിലുള്ള വാഹനം 31.03.2019 തീയതിയിൽ അപകടത്തിൽപ്പെടുകയും, ശ്രീ.അജികുമാർ.കെ.സി എന്ന വ്യക്തിക്ക് പരിക്കേൽക്കുകയും ചെയ്തു. ടിയാൾ വകുപ്പിനെ മൂന്നാം എതിർകക്ഷിയാക്കി ബഹുമാനപ്പെട്ട മാവേലിക്കര എം.എ.സി.റ്റി മുമ്പാകെ ഒ.പി (എം.വി) 1424/2019 നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തതിന്മേൽ പരാമർശം (1) വിധി പ്രകാരം കേസ് dismiss ചെയ്തു. ഹർജി വീണ്ടും പരിഗണിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു. മാവേലിക്കര എം.എ.സി.റ്റി കോടതിയിൽ IA 4340/2022 (Review petition) ഫയൽ ചെയ്യുകയും ഹർജി വീണ്ടും പരിഗണിച്ച ബഹു. മാവേലിക്കര എം.എ.സി.റ്റി-യുടെ പരാമർശം (2) വിധി പ്രകാരം 41,81,500/- രൂപ ഹർജി തീയതിയായ 10.10.2019 മുതൽ 8% പലിശ നിരക്കിൽ ബഹു. മാവേലിക്കര എം.എ.സി.റ്റി കോടതിയുടെ അക്കൗണ്ടിൽ കെട്ടി വെയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി കേസിൽ മൂന്നാം എതിർകക്ഷിയായിരുന്ന ഇൻഷ്വറൻസ് വകുപ്പ് എക്സ്പാർട്ടിയാണ്. പരാമർശം (2)ലെ ഏകപക്ഷീയ വിധി റദ്ദാക്കുന്നതിനായി ഇൻഷ്വറൻസ് വകുപ്പ് restoration petition No. 93/25 സമർപ്പിച്ചിരിക്കെ, വിധി നടപ്പാക്കുന്നതിനായി ഹർജിക്കാരൻ Execution Petition No.59/2025 സമർപ്പിക്കുകയും ടി ഹർജിയിൽ പരാമർശം (3) വിധി പ്രകാരം ജപ്തി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ജപ്തി നടപടികൾ സ്റ്റേ ചെയ്യുന്നതിനും attachment recall (EA 1/2026, EA 2/2026 respectively )ചെയ്യുന്നതിനുമായി സമർപ്പിച്ച ഹർജികളിൽ, കോടതി attachment recall ചെയ്യുന്നതിനായി സമർപ്പിച്ച EA 2/2026 പരിഗണിച്ചിട്ടുള്ളതും ആയതു അനുവദിക്കുന്നതിനായി, ട്രൈബ്യൂണൽ, 20% ഡിക്രറ്റൽ തുക 15 ദിവസത്തിനകം അടയ്ക്കണമെന്ന വ്യവസ്ഥാപരമായ നിർദേശം നൽകുകയും ചെയ്തു. ആയത് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മാവേലിക്കര എം.എ.സി.റ്റി മുമ്പാകെയുള്ള ഒ.പി(എം.വി) 1424/2019 നമ്പർ കേസിൽ, ഹർജിക്കാരൻ ഫയൽ ചെയ്ത ഐ.എ 4340/2022 റിവ്യൂ ഹർജിയിന്മേലുള്ള പരാമർശം (2) പ്രകാരമുള്ള നഷ്ടപരിഹാര തുകയായ 41,81,500/- രൂപയുടെ 20% തുകയായ 8,36,300/-(എട്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി മുന്നൂറ് രൂപ മാത്രം) കെട്ടിവെയ്ക്കുവാൻ ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105-സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ഷാനവാസ്. എ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(ഫയൽ നം ഇ :3481845/എസ്റ്റാ-ഡി3/19/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ